**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1667** **28-07-2021 - ൽ മറുപടിയ്ക്ക്**

**സ്വയം സാക്ഷ്യപ്പെടുത്തിയ കെട്ടിടനിർമ്മാണ അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സ്വയം സാക്ഷ്യപ്പെടുത്തിയ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | 2021-ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ പ്രകാരം എംപാനൽഡ് ലൈസൻസികൾ ലോ റിസ്ക് വിഭാഗത്തിലുള്ള കെട്ടിട നിർമ്മാണത്തിനായി (300 ച.മീ. വരെ വിസ്തൃതിയുള്ള ഗാർഹിക കെട്ടിടങ്ങൾ, 100 ച.മീ. വരെ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടങ്ങൾ, ചെറുകിട വ്യവസായ കെട്ടിടങ്ങൾ, 200 ച.മീ. വരെ വിസ്തൃതിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, മതപരമായ കെട്ടിടങ്ങൾ, വൃദ്ധസദനങ്ങൾ) പെർമിറ്റുകൾ നിശ്ചിത ഫാറത്തിൽ തയ്യാറാക്കി ആവശ്യമായ ഫീസ് അടച്ച് തദ്ദേശ ഭരണ സ്ഥാപനത്തിൽ പ്ലാനുകൾ ഉൾപ്പെടെ നൽകണം. രേഖകൾ പരിശോധിച്ച് 5 ദിവസത്തിനകം തദ്ദേശഭരണസ്ഥാപന സെക്രട്ടറി കൈപ്പറ്റുരസീത് നൽകണം. കൈപ്പറ്റുരസീത് അനുമതിയായി കണക്കാക്കാവുന്നതാണ്. |
| (ബി) | ഇതിനോടനുബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലെ കെട്ടിട നിർമ്മാണ സോഫ്റ്റ്‌വെയർ ഭേദഗതി വരുത്തേണ്ടതുണ്ടോ എന്നറിയിക്കാമോ; | (ബി) | കെട്ടിട നിർമ്മാണത്തിനായി നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിൽ സ്വയം സാക്ഷ്യപ്പെടുത്തലിലൂടെയുള്ള കെട്ടിടനിർമ്മാണാനുമതി നൽകുന്നതിലേക്കായി മാറ്റം വരുത്തേണ്ടതുണ്ട്. ഇപ്രകാരം മാറ്റം വരുത്തി കഴിഞ്ഞാൽ ഓൺലൈനായി തന്നെ അപേക്ഷ നൽകാവുന്നതും ഫീസ് അടക്കാവുന്നതുമാണ്. ഇതിനു ഓൺലൈനായി തദ്ദേശഭരണസ്ഥാപന സെക്രട്ടറിക്ക് കൈപ്പറ്റ രസീത് നൽകുവാനും കഴിയും. |
| (സി) | ഓൺലൈൻ വഴി ഇത്തരം അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ വ്യക്തമാക്കാമോ; | (സി) | കെട്ടിട നിർമ്മാണത്തിനായി നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിൽ സ്വയം സാക്ഷ്യപ്പെടുത്തലിലൂടെയുള്ള കെട്ടിടനിർമ്മാണാനുമതി നൽകുന്നതിലേക്കായി |

| | | | |
|---|---|---|---|
| | | | മാറ്റം വരുത്തേണ്ടതുണ്ട്. ഇപ്രകാരം മാറ്റം വരുത്തി കഴിഞ്ഞാൽ ഓൺലൈനായി തന്നെ അപേക്ഷ നൽകാവുന്നതും ഫീസ് അടക്കാവുന്നതുമാണ്. ഇതിനു ഓൺലൈനായി തദ്ദേശഭരണസ്ഥാപന സെക്രട്ടറിക്ക് കൈപ്പറ്റ രസീത് നൽകുവാനും കഴിയും. |
| (ഡി) | സ്വയം സാക്ഷ്യപ്പെടുത്തിയുള്ള പെർമിറ്റിന്റെ റിവൈസ്ഡ് പെർമിറ്റ്, കെട്ടിട നിർമ്മാണ ക്രമവത്കരണം എന്നിവയ്ക്കുള്ള നടപടികൾ വ്യക്തമാക്കാമോ? | (ഡി) | നിർമ്മാണ സമയത്തു മാറ്റം വന്നതു കൊണ്ടോ അംഗീകരിച്ച പ്ലാനിൽ മാറ്റം വരുത്തണമെന്ന് തോന്നുകയോ ചെയ്യുന്ന പക്ഷം, സ്വയം സാക്ഷ്യപ്പെടുത്തലിലൂടെയുള്ള കെട്ടിട നിർമ്മാണാനുമതി നേടിയ ഒരു നിർമ്മാണത്തിന്, സ്വയം സാക്ഷ്യപ്പെടുത്തലിലൂടെ തന്നെ റിവൈസ്ഡ് പെർമിറ്റിനു അപേക്ഷിക്കാം. എന്നാൽ ക്രമവത്കരണം ആവശ്യമുള്ള പക്ഷം സ്വയം സാക്ഷ്യപ്പെടുത്തലിലൂടെ തന്നെ അപേക്ഷിക്കാൻ ചട്ടത്തിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ